# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5395

01.07.2014 ലെ മറുപടിക്ക്

<u>2006 ന മുൻപ് വിരമിച്ച എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ പെൻഷൻ കുടിശ്ശിക</u>

**ചോദ്യം**

ശ്രീ.മാത്യു.റ്റി.തോമസ്, എം.എൽ.എ

**ഉത്തരം**

ശ്രീ.കെ.എം.മാണി

(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | 2006 ന മുൻപ് വിരമിച്ച എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ പുതുക്കിയ പെൻഷൻ കുടിശ്ശിക കൊടുക്കുവാനുണ്ടോ; | യു.ജി.സി/എ.ഐ.സി.റ്റി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീം എന്നിവയിൽപ്പെട്ടവർക്ക് 01.07.2009 മുതലുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക നല്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 10.01.2014 ലെ G.O(P)No.16/2014/Fin ഉത്തരവു പ്രകാരം ഇത് അനുവദിച്ച് നല്കിയിട്ടുണ്ട്. |
| (ബി) | എന്നു മുതലുള്ള പരിഷ്കരിച്ച പെൻഷൻ കുടിശ്ശികയാണ് കൊടുത്തത്; | |
| (സി) | ഇനി ഏതു കാലഘട്ടത്തിലെ കുടിശ്ശികയാണ് കൊടുക്കുവാനുള്ളത്; | മേല്പറഞ്ഞ സ്കീമിൽപ്പെട്ടവർക്ക് ഇനി പെൻഷൻ പരിഷ്കരണ കുടിശ്ശികയൊന്നും നല്കാൻ ബാക്കിയില്ല. |
| (ഡി) | 2006 മുതൽ 2009 വരെയുള്ള പരിഷ്കരിച്ച പെൻഷൻ കുടിശ്ശിക നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; | കേന്ദ്ര സർക്കാരിന്റെ കീഴിൽ വരുന്ന ജീവനക്കാർക്ക് 10 വർഷത്തിലൊരിക്കലാണ് ശമ്പള സ്കെയിൽ പരിഷ്കരിക്കുന്നതെങ്കിലും കേന്ദ്ര സ്കീമിൽ ഉൾപ്പെട്ട മേല്പറഞ്ഞ യു.ജി.സി/എ.ഐ.സി.റ്റി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീം പെൻഷൻകാർക്ക് കാലാകാലങ്ങളിൽ സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാർക്കൊപ്പം തന്നെ പെൻഷൻ പരിഷ്കരിച്ച് നല്കിയിട്ടുണ്ട്. 01.04.2005 മുതലുള്ള സ്റ്റേറ്റ് പെൻഷൻ പരിഷ്കരണവും 28.02.2007 ലെ GO(P)No.81/2007/Fin ഉത്തരവു പ്രകാരം നല്കിയിട്ടുണ്ട്. അടുത്ത സ്റ്റേറ്റ് പെൻഷൻ പരിഷ്കരണം 01.07.2009 മുതലായതിനാൽ കേന്ദ്ര സ്കെയിലിൽ ഉൾപ്പെട്ട മേല്പറഞ്ഞ സ്കീമിലെ പെൻഷൻകാർക്കും പെൻഷൻ പരിഷ്കരണ കുടിശ്ശിക 01.07.2009 മുതൽ നല്കി 10.01.2014 ലെ G.O(P)No.16/2014/Fin പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| (ഇ) | 2006 ന ശേഷം വിരമിച്ചവരുടെ പരിഷ്കരിച്ച പെൻഷൻ കുടിശ്ശിക കൊടുക്കുവാനുണ്ടോ; | ധനകാര്യ വകുപ്പിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | ഉണ്ടെങ്കിൽ കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ? | ഇതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ആണ് നടപടി സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ